(ബി) മിഷൻ നടത്തിപ്പിന് കേന്ദ്രം അംഗീകരിക്കുന്നതിന്റെ 75 ശതമാനം വിഹിതം മാത്രമാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കാറുള്ളത്. ഇതിൽ അവസാന ഗഡു ഓഡിറ്റ് റിപ്പോർട്ടിന്റെയും സംസ്ഥാന വിഹിതത്തിന്റെ ലഭ്യതയുടെയും അനുസരിച്ചും മറ്റു ചില മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് അനുവദിക്കാറുള്ളത്. ഇതിൻപ്രകാരം കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ള സംസ്ഥാന വിഹിതം മുഴുവൻ ലഭിക്കാത്തത് കാരണം കേന്ദ്ര സഹായത്തിൽ കുറവുവരാറുണ്ട്. ഇതുകൊണ്ട് ചില ജനോപകാര പദ്ധതികളായ ജെ.എസ്.വൈ, ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ എന്നീ പദ്ധതികളുടെ പേയ്മെന്റിന് താമസം വരികയോ കുടിശ്ശിക വരികയോ ചെയ്യാറുണ്ട്. ശമ്പളം, ആശമാരുടെ ഇൻസെന്റീവ് എന്നിവയും കുടിശ്ശിക വരാറുണ്ട്. ഇത് യഥാസമയം ഫണ്ട് വരുന്ന മുറയ്ക്ക് കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ പേരിൽ ധനവകുപ്പ് നിർദ്ദേശിച്ച പ്രകാരം ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഇതിൻ പ്രകാരം ഫണ്ടുകൾ Ways and Means -ന്റെ ക്ലിയറൻസ് നടപടികൾ ഇല്ലാതെ സൊസൈറ്റിക്ക് ലഭിക്കുന്നുണ്ട്.

(ഡി) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് ലഭിച്ച ഫണ്ടിനെക്കുറിച്ച് വ്യക്തമായ രേഖകൾ ഉണ്ട്. ആദിവാസി മേഖലയിൽ ശിശുമരണം ഉൾപ്പെടെയുള്ള സംഭവങ്ങൾ തടയുന്നതിന് ദേശീയ ആരോഗ്യ ദൗത്യം ആരോഗ്യ വകുപ്പുമായി സംയോജിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ആശുപത്രി ഉപകരണങ്ങൾക്ക് ക്ഷാമം

10 (*220) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ.രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ സ്ട്രെക്ചർ, വീൽചെയർ, ട്രിപ്പ് സ്റ്റാന്റ്, ബെഡ് തുടങ്ങിയവയ്ക്ക് ക്ഷാമം നേരിടുന്നുണ്ടോ, ഉണ്ടെങ്കിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഇത്തരത്തിൽ ക്ഷാമം നേരിടുന്ന ആശുപത്രികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശുപത്രി ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ പ്രദമാക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മെഡിക്കൽ കേളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ അത്യാഹിത വിഭാഗങ്ങളിൽ ഇത്തരത്തിൽ ഉപകരണങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) തിരുവനന്തപുരം, കോഴിക്കോട്, മഞ്ചേരി, ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്ട്രെക്ചർ, വീൽചെയർ, ഡ്രിപ്പ് സ്റ്റാന്റ്, ബെഡ് തുടങ്ങിയവയ്ക്ക് ക്ഷാമം നേരിടുന്നില്ല. എന്നാൽ കോട്ടയം മെഡിക്കൽ കോളേജിലും അനുബന്ധ ആശുപത്രികളിലും രോഗികളുടെ ബാഹുല്യത്തിനനുസരിച്ച് ഇവ ലഭ്യമാക്കാൻ സാധിക്കുന്നില്ല.

(ബി) ഉണ്ട്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ളവർക്ക് ഷോപ്പുകളിൽ ആശുപത്രി ഉപകരണങ്ങൾ നന്നാക്കിവരുന്നു. കൂടാതെ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റും അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

(സി) ഇത്തരം ഉപകരണങ്ങളുടെ ക്ഷാമം അത്യാഹിത വിഭാഗത്തിൽ അനുഭവപ്പെടുന്നതായി പരാതി ലഭിച്ചിട്ടില്ല. HDC മുഖേനയും, സന്നദ്ധ സംഘടനകൾ വഴിയും അവശ്യ ഉപകരണങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വാങ്ങാറുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കുന്ന പദ്ധതി

11 (*221) ഡോ. കെ. ടി. ജലീൽ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കുമെന്ന പദ്ധതി സാക്ഷാത്ക്കരിച്ചിട്ടുണ്ടോ;

(ബി) എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രസ്തുത പദ്ധതി പ്രകാരം നൈപുണ്യ വികസന കേന്ദ്രങ്ങളായെന്നും അതുവഴി തൊഴിലന്വേഷകർക്കുണ്ടായ നേട്ടങ്ങളെന്തൊക്കെയെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly